**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5623 02.07.2019 -ലെ മറുപടിക്ക്**

## <u>പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി സി.കെ. ആശ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നാക്കസമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററി കാര്യവും<br>വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താവിന്റെ ഇഷ്ടാനുസരണം കണ്ടെത്തുന്ന ഭൂമി അവരുടെ പേരിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഉടമയുടെ പേരിൽ തുക അനുവദിച്ചു നൽകുന്നു. |
| (ബി) | പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ പട്ടികജാതിയിലെ ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | പുറമ്പോക്ക് ഭൂമി, മിച്ച ഭൂമി എന്നിവയുടെ വിതരണം റവന്യൂ വകുപ്പിന്റെ കീഴിലാണ് നടത്തി വരുന്നത്. ഇത്തരത്തിലുള്ള ഭൂമിയുടെ വിതരണത്തിനായി അർഹരായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പട്ടികജാതി വികസന വകുപ്പ് ശുപാർശ ചെയ്ത് റവന്യൂ വകുപ്പിന് കൈമാറുന്നു. പുറമ്പോക്ക് ഭൂമിയിൽ പട്ടയം നൽകിയതിന്റെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | പട്ടികജാതിക്കാർ കൈവശം വച്ചുവരുന്ന പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നല്കുന്ന പദ്ധതികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ടോ; ആയതിന്റെ മാനദണ്ഡങ്ങൾ അറിയിക്കുമോ; | (ഡി) | ഉണ്ട്. വഴി സൗകര്യത്തോടു കൂടിയ വാസയോഗ്യമായ കര ഭൂമിയായിരിക്കണം. വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയ്ക്ക് തടസ്സം ഇല്ലാത്ത സ്ഥലമായിരിക്കണം ഇപ്രകാരം വാങ്ങുന്നത്. |
| (ഇ) | ഇത്തരത്തിൽ വാങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെ വിപണിവില ധനസഹായമായി നല്കുമോ; വ്യക്തമാക്കുമോ; ആയതിനുള്ള നിബന്ധനകൾ അറിയിക്കുമോ? | (ഇ) | ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുൻസിപ്പൽ/ കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/, 6,00,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. ടി തുകയ്ക്ക് പുറമേയുള്ള തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ